Draft #22 of File 135730/AD A4-1/2022/REG SECT Approved by Registrar on 24-Oct-2025 06:39 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നമ്പർ. 135730/AD A4-1/2022/REG SECT തീയതി: 24.10.2025

പ്രിയദർശിനി ഹിൽസ്

സർക്കുലർ

വിഷയം:- 2025 വർഷത്തെ മലയാള ഭാഷാദിനം, ഭരണഭാഷാ വാരാഘോഷം - സർവ്വകലാശാലാ തലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾ - സംബന്ധിച്ച്.

സൂചന :- 1. സർക്കുലർ നം. 135730/AD A4/2022/REG തീയതി 29.09.2025.
2. 29.09.2025 തീയതിയിൽ കൂടിയ സർവ്വകലാശാല ഔദ്യോഗിക ഭാഷാ സമിതിയുടെ യോഗത്തിന്റെ നടപടിക്രമങ്ങൾ.

കേരളത്തിലെ ഭരണഭാഷ മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി എല്ലാ വർഷവും നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരമായും ആഘോഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2025 വർഷത്തെ മലയാളദിനം, ഭരണഭാഷാ വാരാഘോഷം എന്നിവയോട് അനുബന്ധിച്ച് സർവ്വകലാശാലാ തലത്തിൽ ചുവടെ ചേർത്തിട്ടുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

1. **2025 നവംബർ 1**: രാവിലെ 11 മണിക്ക് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ ബഹു. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ഭരണഭാഷാ സമ്മേളനം സംഘടിപ്പിക്കുന്നു.
2. **2025 നവംബർ 3**: സർവ്വകലാശാലാ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കുമായി ഭരണഭാഷാ പ്രശ്നോത്തരി DLLE -ൽ വച്ച് ഉച്ചക്ക് 2.00 മണിക്ക് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യപ്പെടുന്നവർ 2 പേർ വീതമുള്ള ടീം ആയി ചുവടെ ചേർത്തിരിക്കുന്ന ഫോൺ നമ്പരിൽ വിളിച്ച് നവംബർ 2 വൈകിട്ട് 5.00 മണിക്ക് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. (ഡോ. ഹരികുമാർ എസ്.- 9446265930, ശ്രീമതി രമ്യ വിശ്വനാഥൻ - 9446472074)
3. **2025 നവംബർ 4**: ഭരണ ഭാഷയുടെ പ്രയോഗം കൂടുതൽ ലളിതവും കാര്യക്ഷമവും ജനകീയവുമാക്കുന്നതിനുള്ള മികച്ച നിർദ്ദേശങ്ങൾക്കു വേണ്ടി ജീവനക്കാർക്കിടയിൽ മൽസരം നടത്തുന്നു. നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി 2025 നവംബർ 4 വൈകിട്ട് 5.00 മണി വരെ ആയിരിക്കും. നിർദ്ദേശങ്ങൾ പി.ഡി.എഫ് ഫോർമാറ്റിൽ ada4@mgu.ac.in എന്ന ഇ മെയിൽ വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.
4. **2025 നവംബർ 5**: സർവ്വകലാശാലാ ജീവക്കാർക്കായി അസംബ്ലി ഹാളിൽ വച്ച് ഉച്ചക്ക് 2.00 മണിക്ക് ശ്രീ. കേളി രാമചന്ദ്രനെ വിശിഷ്ടാതിഥിയായി പങ്കെടുപ്പിച്ചുകൊണ്ട് ഭരണഭാഷാ പ്രഭാഷണം സംഘടിപ്പിക്കുന്നു.

5. **2025 നവംബർ 6**: സർവ്വകലാശാലയിലെ തിരഞ്ഞെടുത്ത ജീവനക്കാർക്കായി ഔദ്യോഗിക ഭാഷാ വകുപ്പിലെ ഭാഷാവിദഗ്ധൻ ഡോ. ആർ. ശിവകുമാർ നയിക്കുന്ന ഭരണഭാഷാ ക്ലാസ് സംഘടിപ്പിക്കുന്നു.
6. **2025 നവംബർ 7**: ഈ വർഷത്തെ ഭരണഭാഷാ വാരാഘോഷത്തിന്റെ സമാപന സമ്മേളനം സ്കൂൾ ഓഫ് ലെറ്റേഴ്സിലെ പ്രൊഫസർ ഡോ.അജു കെ. നാരായണനെ മുഖ്യ പ്രഭാഷകനായി പങ്കെടുപ്പിച്ചുകൊണ്ട് സർവ്വകലാശാല അസംബ്ലി ഹാളിൽ വച്ച് ഉച്ചക്ക് 2.00 മണിക്ക് സംഘടിപ്പിക്കുന്നു.

ഡോ.ബിസ്മി ഗോപാലകൃഷ്ണൻ
രജിസ്ട്രാർ

സ്വീകർത്താവ്

1. എല്ലാ ജീവനക്കാർക്കും
2. വൈസ് ചാൻസലറുടെ പി.എസ്
3. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ- മാർ
4. സർവ്വകലാശാല ഔദ്യോഗികഭാഷാസമിതി അദ്ധ്യക്ഷൻ (തുടർ നടപടികൾ സ്വീകരിക്കുന്നതിനായി).
5. എല്ലാ പഠന വകുപ്പ് മേധാവികൾക്കും
6. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ

Draft #22 of File 135730/AD A4-1/2022/REG SECT Approved by Registrar on 24-Oct-2025 06:39 PM - Page 2